# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ :7251/11/12/2023/**

പരാതികക്ഷി : ചന്ദ്രിക.ബി,പനയംകുഴി പനയിൽ വീട്
മൊട്ടമൂട്,വട്ടപ്പാറ,തിരുവനന്തപുരം

എതിർകക്ഷികൾ എസ്.എച്ച്.ഒ,വട്ടപ്പാറ പോലീസ് സ്റ്റേഷൻ

**ഉത്തരവ് തീയതി 07.02.2025**

ഹർജികക്ഷിയുടെ വീട്ടിൽ 2023 ജൂലെ 15 ന് എതിർകക്ഷിയും പോലീസുകാരും അതിക്രമിച്ച് കയറി ഹർജികക്ഷിയെ ചീത്തവിളിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുകയും മകനെ അകാരണമായി അടിക്കുകയും ഭീഷണിപ്പെടുത്തുകയും മറ്റും ചെയ്യുവെന്നും,, തുടർന്ന് 2023 സെപ്റ്റംബർ 23 ന് വെളുപ്പിന് 5 മണിക്ക് വീണ്ടും വീട്ടിൽ അതിക്രമിച്ച കയറി ബഹളം വച്ചതായും ഇക്കാര്യത്തിൽ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവി 05.04.2024 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയുടെ മകൻ അനീഷിനെതിരെ ഗഞ്ചാവ് കച്ചവടവുമായി ബന്ധപ്പെട്ട് 10 ഗ്രാം ഗഞ്ചാവ് കൈവശം വച്ചതിലേയ്ക്ക് 08.07.2023 തീയതി വട്ടപ്പാറ പോലീസ് സ്റ്റേഷനിൽ ക്രൈം 1057/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നുവെന്നും, കൂടാതെ ടിയാന് ഗഞ്ചാവ് കച്ചവടവുമായി ബന്ധമുണ്ട് എന്നുള്ള വിശ്വാസയോഗ്യമായ അറിവിന്റെ അടിസ്ഥാനത്തിൽ പോലീസ് ടിയാന്റെ വീട്ടിൽ നിയമപ്രകാരം പരിശോധന നടത്തിയിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനക്കെടുത്ത 07.02.2025 തീയതി പരാതികക്ഷി ഹാജരായി റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിച്ചു. പോലീസ് ഇപ്പോഴും തങ്ങളെ അനാവശ്യമായി ദ്രോഹിക്കുന്നതായി പരാതികക്ഷി പറയുന്നു.

ഹർജികക്ഷിയുടെ മകൻ പ്രതിയായ കേസ് നിയമപരമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണേണ്ടതാണ്. മകൻ ഗഞ്ചാവ് കേസിൽ പ്രതിയായതു കാരണം ടിയാന്റെ വീട്ടിലുള്ളവരെ അനാവശ്യമായി ബുദ്ധിമുട്ടിക്കരുത്. കേസിന്റെ അന്വേഷണത്തിൽ പരാതിയുണ്ടെങ്കിൽ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകാവുന്നതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് എസ്.എച്ച്.ഒ,വട്ടപ്പാറ പോലീസ് സ്റ്റേഷൻ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ